**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6250** **17-03-2023 - ൽ മറുപടിയ്ക്ക്**

**അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി സഹകരണ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കാർഷിക മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപീകരിച്ച ധനസഹായ പദ്ധതിയാണ് അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി. ഈ പദ്ധതി പ്രകാരം കാർഷിക മേഖലയിലെ പ്രാഥമിക പ്രവർത്തനങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്. പദ്ധതിയുടെ നോഡൽ ഏജൻസിയായ കൃഷി വകുപ്പുമായി സഹകരിച്ച് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ (PACS), മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അപ്പക്സ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നിലവിൽ പ്രസ്തുത ഫണ്ട് മുഖേന എത്ര പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | നാളിതുവരെ സഹകരണ മേഖലയിൽ നിന്നും ആകെ 639 അപേക്ഷകളിലായി 1100 കോടി രൂപയുടെ വിവിധ പദ്ധതികൾ സമർപ്പിച്ചതിൽ നിന്നും 64 അപേക്ഷകൾക്കായി 81.25 കോടി രൂപ അനുവദിച്ചു. അതിൽ നിന്നും 35 അപേക്ഷകളിലായി ആകെ 45.31 കോടി രൂപ വിവിധ പദ്ധതികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

## <u>ലോൺ അനുവദിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ</u>

| പദ്ധതി | എണ്ണം | തുക (കോടിയിൽ) |
|---|---:|---:|
| Cold Stores and Cold Chain | 1 | 0.87 |
| Custom Hiring Centre | 5 | 0.86 |
| Infrastructure for smart and precision agriculture | 5 | 6.71 |
| Logistics Facility | 1 | 0.50 |
| Organic inputs production | 2 | 2.32 |
| Others | 11 | 13.03 |
| PHM Activities | 1 | 2.00 |
| Primary processing Center | 23 | 34.42 |
| Supply chain infrastructure for clusters of crops | 3 | 3.47 |
| Warehouse | 9 | 13.63 |
| Composite project | 3 | 3.44 |
| | **64** | **81.25** |

## <u>വിതരണം ചെയ്ത അപേക്ഷകളുടെ വിശദാംശങ്ങൾ</u>

| പദ്ധതി | എണ്ണം | തുക (കോടിയിൽ) |
|---|---:|---:|
| Custom Hiring Centre | 5 | 0.85 |
| Infrastructure for smart and precision agriculture | 1 | 0.20 |
| Organic inputs production | 2 | 1.27 |
| Others | 8 | 8.83 |
| PHM Activities | 1 | 0.61 |
| Primary processing Center | 15 | 30.05 |
| Supply chain infrastructure for clusters of crops | 1 | 1.50 |
| Warehouse | 2 | 2.00 |
| | **35** | **45.31** |